LIBRARY ARCHIVES Kerala Legislative Assembly

ആശാവർക്കേഴ്സിന്റെ ഓണറേറിയം

17(T2485) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആശാ വർക്കേഴ്സ്, സാന്ത്വനം പാലിയേറ്റീവ് വർക്കേഴ്സ് എന്നിവരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിനും ക്ഷേമനിധിയടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

21-8-2015-ലെ സ.ഉ.(സാധാ)നമ്പർ 2718/2015/ആ.ക.വ. പ്രകാരം ആശാ വർക്കർമാരുടെ ഓണറേറിയം 1000 രൂപയായി വർദ്ധിപ്പിക്കുകയും വിതരണം ചെയ്യുന്നതിനുള്ള തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഉടനെ ഒരു വർദ്ധന ഇപ്പോൾ പരിഗണനയിലില്ല. പാലിയേറ്റീവ് വർക്കേഴ്സിന്റെ ഓണറേറിയം സംബന്ധിച്ച വിഷയത്തിൻമേലുള്ള വിവരം ശേഖരിച്ചുവരുന്നു. ആശാ വർക്കേഴ്സ്, സാന്ത്വനം പാലിയേറ്റീവ് വർക്കേഴ്സ് എന്നിവർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റിയിലെ കരാർ നിയമനം

18 (2486) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള ഹെൽത്ത് റിസർച്ച്&വെൽഫയർ സൊസൈറ്റിയിൽ കരാർ അടിസ്ഥാനത്തിലും ദിവസ വേതനാടിസ്ഥാനത്തിലും എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനം നടത്തുന്നതിന് സൊസൈറ്റിക്ക് അനുമതി നൽകിയിട്ടുണ്ടോ;

(സി) അപ്രകാരം നിയമിതരായവരുടെ പേര് വിവരങ്ങൾ മേഖലയും തസ്തികയും തിരിച്ച് വ്യക്തമാക്കുമോ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റിയുടെ വിവിധ യൂണിറ്റുകളായ കാത്ത് ലാബ്, പേ വാർഡ്, എ.സി.ആർ. ലാബ് എന്നിവയുടെ ദൈനംദിന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി സ്ഥിരം ജീവനക്കാരുടെ അഭാവത്താൽ താൽക്കാലികമായി കരാർ അടിസ്ഥാനത്തിൽ 110 പേരെയും ദിവസ വേതനാടിസ്ഥാനത്തിൽ 49 പേരെയും കാലാകാലങ്ങളിൽ നിയമിച്ചിട്ടുണ്ട്.

(ബി) സൊസൈറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി സൊസൈറ്റിയുടെ സർവ്വീസ് ചട്ടം 9(b)ക്കു വിധേയമായി പത്രപരസ്യം നടത്തിയോ ഗവേണിംഗ് ബോഡി നിശ്ചയിക്കുന്ന മറ്റു മാർഗ്ഗങ്ങളിലൂടെയോ നേരിട്ട് നിയമനം നടത്തിവരുന്നു.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ബെഡ് സ്ട്രെംഗ്ത് അനുസരിച്ചുള്ള നഴ്സ് നിയമനം

19(2487) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഐ.സി.യു.-വിലും മറ്റു വാർഡുകളിലും ബെഡ് സ്ട്രെംഗ്ത് അനുസരിച്ചുള്ള സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടോ; നിലവിൽ ഒരു രോഗിക്ക് ഒരു നഴ്സ് എന്ന കണക്കിനാണോ ഐ.സി.യു.-വിൽ നഴ്സ് വേണ്ടതെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കുറഞ്ഞപക്ഷം രണ്ടു രോഗികൾക്ക് ഒരു നഴ്സ് എന്ന നിലയിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

സാംഗ്ഷൻഡ് ബെഡ് സ്ട്രെംഗ്തിനെക്കാളും വളരെയധികം കൂടുതലാണ് മെഡിക്കൽ കോളേജ് ആശുപത്രികളിൽ നിലവിലുള്ള കിടക്കകളുടെ എണ്ണം. അനുവദിച്ചിട്ടുള്ള കിടക്കകളെക്കാളും രോഗികൾ ഉള്ളതിനാൽ നിലവിൽ വാർഡുകളിലും ഐ.സി.യു.-കളിലും രോഗികളുടെ എണ്ണത്തിന് ആനുപാതികമായി സ്റ്റാഫിനെ നിയമിക്കാൻ സാധിച്ചിട്ടില്ല. ഐ.സി.യു-വിൽ രോഗി-നഴ്സ് അനുപാതം 1:1 ആണ് വേണ്ടത്. വാർഡിലും ഐ.സി.യു.-കളിലും ശരിയായ അനുപാതത്തിലുള്ള നഴ്സിംഗ് സ്റ്റാഫിന്റെ പോസ്റ്റിംഗ് നടത്തുന്നതിന്റെ ഭാഗമായി 2012-ൽ 275 സ്റ്റാഫ് നഴ്സിന്റെ പോസ്റ്റും അതിനുശേഷം 105 നഴ്സുമാരുടെ വിവിധ പോസ്റ്റുകളും മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ട്. ഇതു കൂടാതെ രോഗികളുടെ എണ്ണം അനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കാനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly